SUNDAY 19.11.2023 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)19/11/2023

1. **ക്രിസ്തുമസ് ആഘോഷത്തിന് മാറ്റുകൂട്ടാനായി "ക്രിസ്മസ് ട്രീ" പദ്ധതിയുമായി കൃഷി വകുപ്പ്;** ഇത്തവണ മുതൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് മോടി കൂട്ടുന്നതിനായി ക്രിസ്മസ് ട്രീ വിതരണം എന്ന ഒരു പദ്ധതി കൂടി വകുപ്പ് നടപ്പിലാക്കുന്നു. സംസ്ഥാനത്തെ 9 ജില്ലകളിലെ 31 ഫാമുകളിലായി 4866 ക്രിസ്തുമസ് ട്രീ തൈകൾ വിതരണത്തിനായി സജ്ജമാക്കിയിട്ടുണ്ട്. തൂജ, ഗോൾഡൻസൈപ്രസ്, അരക്കേറിയ എന്നീ ഇനങ്ങളിലെ തൈകളാണ് ക്രിസ്തുമസിനോടനുബന്ധിച്ചു വിതരണത്തിനായി തയ്യാറാക്കിയിരിക്കുന്നത് 2 മുതൽ 3 അടി വരെ ഉയരമുള്ള തൈകൾ മൺചട്ടിയിലാണ് വളർത്തിയിരിക്കുന്നത്. ലഭ്യമാക്കുന്ന ക്രിസ്മസ്സ് ട്രീകൾ തൂജ തൈകൾ 2 അടി വരെ ഉള്ളത് 200 രൂപ തൂജ തൈകൾ 2 അടിക്കു മുകളിൽ ഉയരം ഉള്ളത് 225 രൂപ, ഗോൾഡൻ സൈപ്രസ് 2 അടി വരെ ഉള്ളത് 250 രൂപ, ഗോൾഡൻ സൈപ്രസ് 2 അടിക്കു മുകളിൽ ഉയരം ഉള്ളത് 300 രൂപ,അരക്കേറിയ 2 തട്ട് വരെ ഉള്ളത് 300 രൂപ, അരക്കേറിയ 2 തട്ടിനു മുകളിൽ 400 രൂപയുമാണ് വില. ക്രിസ്മസ് ട്രീ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ,േ കാഴിക്കോട് എന്നീ ജില്ലകളിലെ ഫാമുകളിൽ ലഭ്യമാണ്.

2. തിരുവനന്തപുരം ജില്ലയിൽ 2022-23 വർഷത്തിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ, തെരുവിൽ പാർക്കുന്നതും അനാഥരുമായ പക്ഷിമൃഗാദികളുടെ ഭക്ഷണം, പാർപ്പിടം, പരിചരണം ശുശ്രൂഷ തുടങ്ങിയ മേഖലയിലുള്ള മികച്ച പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാ തലത്തിൽ തെരെഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ, രജിസ്ട്രേർഡ് സംഘടനകൾ എന്നവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം 2023 നവംബർ മാസം 20-ാം തീയതിക്കകം തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ അഞ്ച് വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000/- രൂപ ക്യാഷ് അവാർഡ് നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്റ്ററുടെ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേരളത്തിൽ നല്ല കാർഷിക മുറകളിലൂടെ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കേരള ഗ്രോ ബ്രാൻഡിൽ വിൽക്കാൻ വിപണന കേന്ദ്രം ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ ധനസഹായം നൽകുന്നു. കർഷക കൂട്ടായ്മകൾ, കർഷക ഉത്പാദക സംഘടനകൾ, കൃഷിക്കൂട്ടങ്ങൾ, എൻജിഓകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയ്ക്കാണ് സഹായം നൽകുക. തങ്ങളുടെ ഉൽപ്പന്നങ്ങൾ കേരളാഗ്രോ ബ്രാൻഡ് ചെയ്യാൻ താല്പര്യം ഉള്ളവർക്കും വിശദവിവരങ്ങൾക്കായി കൃഷിഭവനുമായി ബന്ധപ്പെടുക.

പരിശീലന പരിപാടി

4. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് നവംബർ മാസം 21 ന് (21.11.2023) **"ഓമനപ്പക്ഷികളുടെ പരിപാലനം"** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പ്പര്യമുള്ളവർ 0494-296 2 296എന്ന നമ്പരില് വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കോഴിക്കോട് വേങ്ങേരി മാർക്കറ്റിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ വെച്ച് നവംബർ 23 ന്, **"ഹൈഡ്രോപോണിക് കൃഷിരീതികൾ"** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി **0495 2935850, 9188223584** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് അവസരമുണ്ടയിരിക്കുന്നതാണ്.

6. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന വിഷയത്തിൽ തയ്യാറാക്കിയ മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2023 നവംബർ 25 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് കോഴ്സ് കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ 2023 നവംബർ 24 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇരുപത് ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ്

പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ കമ്പ്യൂട്ടർ അല്ലെങ്കിൽ മൊബൈൽ (സ്മാർട്ട് ഫോൺ) ഫോണിന്റെ സഹായത്തോടെ കോഴ്സ് പഠിക്കാവുന്നതാണ്. നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് നവംബർ 25 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

7. റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറുത്പാദനം സുസ്ഥിരമാക്കുന്നതിന് സഹായകമായ നൂതനകൃഷിരീതികളിൽ നവംബർ 21, 22 തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9447710405** എന്ന ഫോൺ നമ്പരിലോ training@rubberboard.org.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം